**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 1722**

**10.03.2020 ൽ മറുപടിക്ക്**

## സിംസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. ടി.ജെ. വിനോദ്<br>ശ്രീ. അനിൽ അക്കര<br>ശ്രീമതി. ഷാനിമോൾ ഉസ്മാൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) കേരള പോലീസിൽ സിംസ് പദ്ധതി ബൂട്ട് മാതൃകയിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ: | എ) സിംസ് പദ്ധതി ബൂട്ട് മാതൃകയിൽ പ്രവർത്തിക്കുന്നുണ്ട്. |
| ബി) ഇത് സംബന്ധിച്ച ടെൻഡർ വ്യവസ്ഥയിൽ ടെൻഡറിൽ പങ്കെടുക്കുന്നവർക്ക് മൂന്ന് വർഷത്തെ പ്രവർത്തന പരിചയവും ഇന്ത്യയിലോ വിദേശത്തോ ഇത് നടപ്പിലാക്കിയതിന്റെ പരിചയവും നിഷ്കർഷിച്ചിരുന്നോ: | ബി) ടെൻഡറിൽ പങ്കെടുക്കുന്നവർക്കോ അവരുടെ അസോസിയേറ്റ് കമ്പനിക്കോ ഇന്ത്യയിലോ വിദേശത്തോ ഇത് നടപ്പിലാക്കിയതിന്റെ പരിചയവും മൂന്ന് വർഷത്തെ പ്രവർത്തന പരിചയവും നിഷ്കർഷിച്ചിട്ടുണ്ടായിരുന്നു. |
| സി) സിംസ് പദ്ധതി അനുവദിച്ച് നൽകിയ ഗാലക്സോൺ ഇന്റർ നാഷണൽ കമ്പനിക്ക് മേൽപറഞ്ഞ യോഗ്യതയുണ്ടോ: | സി) ഉണ്ട്. |
| ഡി) 2017 ജൂലൈ 10 ന് മാത്രം രജിസ്റ്റർ ചെയ്ത പ്രസ്തുത കമ്പനിക്ക് ഇക്കാര്യത്തിൽ എന്തെങ്കിലും ഇളവ് നൽകിയിട്ടുണ്ടോ: എങ്കിൽ അതിനുള്ള കാരണമെന്താണ്: | ഡി) ഇല്ല. |
| ഇ) ഗാലക്സോൺ കമ്പനിയുടെ രണ്ട് ഡയറക്ടർമാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ എന്നറിയിക്കാമോ? | ഇ) ടെൻഡറിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങളോ അവരുടെ ഉൽപ്പന്നങ്ങളോ കരിമ്പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല എന്നതാണ് ടെൻഡറിൽ തിരഞ്ഞെടുക്കപ്പെടുന്നതിനുള്ള മാനദണ്ഡം. ഇ-ടെൻഡർ നടപടിയുടെ ഭാഗമായി കമ്പനി ബ്ലാക്ക് ലിസ്റ്റ് ചെയ്തിട്ടില്ലെന്ന സാക്ഷ്യപത്രം കമ്പനി തന്നെ നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ